<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 274</u> <u>09-10-2025 - ൽ മറുപടിയ്ക്ക്</u>

<u>കർഷക ക്ഷേമനിധി പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷക ക്ഷേമനിധി പദ്ധതിയുടെ ധനസ്രോതസുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ ധനകാര്യ വകുപ്പ് കൃഷി വകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഏകാഭിപ്രായം രൂപപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കിയും കാർഷികവൃത്തിയിലേക്ക് കൂടുതൽ യുവജനങ്ങളെ ആകൃഷ്ടരാക്കുവാനും കേരളസർക്കാർ, കർഷക ക്ഷേമനിധി ബോർഡ് 2020 ഒക്ടോബർ മാസം 14-ാം തീയതി അസാധാരണ ഗസറ്റ് 708/20 പ്രകാരം രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്യുകയും 15/10/2020-ന് തൃശ്ശൂർ ആസ്ഥാനമാക്കി ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടി ക്ഷേമനിധി ബോർഡിൽ കർഷകർക്ക് രജിസ്ട്രേഷൻ നടത്തി അംശദായം ഒടുക്കുവാൻ 2021 ഡിസംബർ ഒന്ന് മുതൽ അനുമതി നൽകുകയും ചെയ്തു. 08/10/2025 വരെ 15324 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന അംഗങ്ങൾക്ക് കേരള കർഷക ക്ഷേമനിധി പദ്ധതി വിവക്ഷിക്കുന്ന രീതിയിലായിരിക്കും സേവനങ്ങൾ നൽകുക. പെൻഷൻ, ഫാമിലി പെൻഷൻ, അവശത പെൻഷൻ, ചികിത്സ ധനസഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം, അപകടം/ അപകടമരണം നഷ്ട പരിഹാരം തുടങ്ങിയവ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കർഷകർക്ക് ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ നിശ്ചയിക്കുന്ന കാര്യത്തിലും നിർവഹണത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്ന കാര്യത്തിലും ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ധനകാര്യ, കൃഷി വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ യോഗം ചേരുകയും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി. നിർദ്ദേശങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ അഭിപ്രായങ്ങൾ നൽകുകയുണ്ടായി. ഈ വിഷയം ധനവകുപ്പിന്റെ പരിശോധനയിലാണ്.<br><br>കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി നടത്തിപ്പ് മുൻ നിശ്ചയിച്ചപ്രകാരം തന്നെ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതാണ്. വളരെ വേഗത്തിൽ തന്നെ അനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു സംവിധാനം ആക്കി ക്ഷേമനിധി ബോർഡിനെ മാറ്റും. |
| (ബി) | ക്ഷേമനിധിയിലേക്കുള്ള സർക്കാരിന്റെ സംഭാവനയുടെയും അംശദായത്തിന്റെയും അനുപാതവുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പുകൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കിയും കാർഷികവൃത്തിയിലേക്ക് കൂടുതൽ യുവജനങ്ങളെ ആകൃഷ്ടരാക്കുവാനും കേരളസർക്കാർ, കർഷക ക്ഷേമനിധി ബോർഡ് 2020 ഒക്ടോബർ മാസം 14-ാം തീയതി അസാധാരണ ഗസറ്റ് 708/20 പ്രകാരം രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്യുകയും 15/10/2020-ന് തൃശ്ശൂർ ആസ്ഥാനമാക്കി ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടി ക്ഷേമനിധി ബോർഡിൽ കർഷകർക്ക് രജിസ്ട്രേഷൻ നടത്തി അംശദായം ഒടുക്കുവാൻ 2021 ഡിസംബർ ഒന്ന് മുതൽ അനുമതി നൽകുകയും ചെയ്തു. 08/10/2025 വരെ 15324 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന അംഗങ്ങൾക്ക് കേരള കർഷക ക്ഷേമനിധി പദ്ധതി വിവക്ഷിക്കുന്ന രീതിയിലായിരിക്കും സേവനങ്ങൾ നൽകുക. പെൻഷൻ, ഫാമിലി പെൻഷൻ, അവശത പെൻഷൻ, ചികിത്സ ധനസഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം, അപകടം/ അപകടമരണം നഷ്ട പരിഹാരം തുടങ്ങിയവ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കർഷകർക്ക് ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ നിശ്ചയിക്കുന്ന കാര്യത്തിലും നിർവഹണത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്ന കാര്യത്തിലും ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ധനകാര്യ, കൃഷി വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ യോഗം ചേരുകയും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി. നിർദ്ദേശങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ അഭിപ്രായങ്ങൾ നൽകുകയുണ്ടായി. ഈ വിഷയം ധനവകുപ്പിന്റെ പരിശോധനയിലാണ്.<br><br>കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി നടത്തിപ്പ മുൻ നിശ്ചയിച്ചപ്രകാരം തന്നെ പൂർത്തീകരിക്കുന്നതാണ്. വളരെ വേഗത്തിൽ തന്നെ അനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു സംവിധാനം ആക്കി ക്ഷേമനിധി ബോർഡിനെ മാറ്റും. |
| (സി) | ക്ഷേമനിധി പദ്ധതിയുടെ കരട് അംഗീകരിക്കാൻ വൈകുന്നതിന് വകുപ്പുകൾക്കിടയിലുള്ള വ്യത്യസ്ത നിലപാട് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കിയും കാർഷികവൃത്തിയിലേക്ക് കൂടുതൽ യുവജനങ്ങളെ ആകൃഷ്ടരാക്കുവാനും കേരളസർക്കാർ, കർഷക ക്ഷേമനിധി ബോർഡ് 2020 ഒക്ടോബർ മാസം 14-ാം തീയതി അസാധാരണ ഗസറ്റ് 708/20 പ്രകാരം |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്യുകയും 15/10/2020-ന് തൃശ്ശൂർ ആസ്ഥാനമാക്കി ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടി ക്ഷേമനിധി ബോർഡിൽ കർഷകർക്ക് രജിസ്ട്രേഷൻ നടത്തി അംശദായം ഒടുക്കുവാൻ 2021 ഡിസംബർ ഒന്ന് മുതൽ അനുമതി നൽകുകയും ചെയ്തു. 08/10/2025 വരെ 15324 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന അംഗങ്ങൾക്ക് കേരള കർഷക ക്ഷേമനിധി പദ്ധതി വിവക്ഷിക്കുന്ന രീതിയിലായിരിക്കും സേവനങ്ങൾ നൽകുക. പെൻഷൻ, ഫാമിലി പെൻഷൻ, അവശത പെൻഷൻ, ചികിത്സ ധനസഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം, അപകടം/ അപകടമരണം നഷ്ട പരിഹാരം തുടങ്ങിയവ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കർഷകർക്ക് ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ നിശ്ചയിക്കുന്ന കാര്യത്തിലും നിർവഹണത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്ന കാര്യത്തിലും ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ധനകാര്യ, കൃഷി വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ യോഗം ചേരുകയും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി. നിർദ്ദേശങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ അഭിപ്രായങ്ങൾ നൽകുകയുണ്ടായി. ഈ വിഷയം ധനവകുപ്പിന്റെ പരിശോധനയിലാണ്.<br><br>കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി നടത്തിപ്പ് മുൻ നിശ്ചയിച്ചപ്രകാരം തന്നെ പൂർത്തീകരിക്കുന്നതാണ്. വളരെ വേഗത്തിൽ തന്നെ അനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു സംവിധാനം ആക്കി ക്ഷേമനിധി ബോർഡിനെ മാറ്റും. |
| (ഡി) | കിസാൻ അഭിമാൻ പദ്ധതിയുടെ തുക ക്ഷേമനിധിയിലേക്ക് മാറ്റുന്നതിൽ ധനകാര്യ വകുപ്പ് കൃഷി വകുപ്പിനോട് അഭിപ്രായ വ്യത്യാസം പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ